പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1739 — 04.12.2018-ലെ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ വകുപ്പിൽ ഏകീകൃത പൊതുസർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ.എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിൽ ഏകീകൃത പൊതുസർവ്വീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർവീസ് സംഘടനകളുമായി നടത്തിയ ചർച്ചകളുടെ യോഗനടപടികുറിപ്പ് ലഭ്യമാക്കുമോ; | (എ) | യോഗനടപടികുറിപ്പ് തയ്യാറായിട്ടില്ല. |
| (ബി) | ഈ സർവ്വീസ് രൂപീകരിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളിലുള്ളവരുടെ പൊതുവായ സീനിയോറിറ്റി ലിസ്റ്റ് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | ഏകീകൃത സർവ്വീസിൽ വിവിധ വിഭാഗം ജീവനക്കാരുടെ സർവ്വീസ് സീനിയോറിറ്റി തുടങ്ങിയ കാര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടിയെ സംബന്ധിച്ചുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു. തീരുമാനം ആയിട്ടില്ല. |
| (സി) | ഏകീകൃത പൊതുസർവ്വീസ് രൂപീകരിക്കുമ്പോൾ സർക്കാരിന് ഉണ്ടാകാവുന്ന അധിക സാമ്പത്തിക ബാദ്ധ്യത വെളിപ്പെടുത്തുമോ ; ധനവകുപ്പിന്റെ ഇത് സംബന്ധിച്ച അഭിപ്രായത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | കരട് സർവ്വീസ് ചട്ടങ്ങൾ അന്തിമമാക്കി പൊതുസർവ്വീസ് രൂപീകരിക്കുന്ന ഘട്ടത്തിൽ മാത്രമേ കൃത്യമായ സാമ്പത്തിക ബാദ്ധ്യത നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സർവ്വീസ് രൂപീകരിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളിലെ എത്ര തസ്തികകൾ ഇല്ലാതാകും; വിശദമാക്കുമോ? | (ഡി) | കരട് സർവീസ് ചട്ടങ്ങൾ അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ നിഗമനത്തിലെത്താൻ കഴിയൂ. |

സെക്ഷൻ ഓഫീസർ